കാലാവധി രണ്ടുമാസം കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള ഒരു മൂന്നംഗ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 17-12-1999ലെ 18538/അഡ്വെ. സി3/99/പി. ആന്റ് എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നു.

(സി&ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്നുമാസത്തേക്ക് നീട്ടുവാൻ പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്. മാത്രവുമല്ല സർക്കാരിന്റെ ജി.ഒ.(പി.) 15/2000 എസ്.സി/എസ്.ടി.ഡി.ഡി. നമ്പരിൽ 16-2-2000-ലെ ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചിട്ടുണ്ട്.

മേൽത്തട്ട് സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവ്

41 (41) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേൽത്തട്ട് സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിയമനം കാത്തുകഴിയുന്ന ഉദ്യോഗാർത്ഥികളുടെ ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽത്തട്ട് പ്രശ്നത്തിൽ ഗവൺമെന്റിന്റെ നിലപാട് ആരാഞ്ഞുകൊണ്ട് പി.എസ്.സിയിൽ നിന്നും ഗവൺമെന്റിന് എന്തെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) സുപ്രീംകോടതി ഉത്തരവിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പിന്നോക്ക സമുദായങ്ങൾക്ക് പരമാവധി ആനുകൂല്യം നിർദ്ദേശിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് കെ. കെ. നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായി. സർക്കാർ അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നോക്ക സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള മൂന്നംഗ കമ്മീഷനെ നിയമിച്ചു. റിപ്പോർട്ട് സമർപ്പിക്കാൻ ഏകാംഗ കമ്മീഷന് മൂന്നുമാസത്തെ കാലയളവും മൂന്നംഗ കമ്മീഷന് ആറുമാസത്തെ കാലയളവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) റാങ്ക് ലിസ്റ്റുകളുടെ കാലയളവ് മൂന്നുമാസം കൂടി ദീർഘിപ്പിക്കുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിയമന നിരോധന ഉത്തരവ് പിൻവലിച്ചിട്ടുമുണ്ട്.

(ഡി&ഇ) മേൽത്തട്ട് പ്രശ്നം സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ പരിധിയിൽ ആരെല്ലാം ഉൾപ്പെടുന്നു എന്നും ഏതെല്ലാം പിന്നോക്ക വിഭാഗങ്ങളെ ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയെന്നും ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തിയവർ ആരെല്ലാമാണെന്നും പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് ആരാഞ്ഞുകൊണ്ട് പി.എസ്.സി സർക്കാരിന് എഴുതിയിരുന്നു.

(എഫ്) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്നുമാസം കൂടി ദീർഘിപ്പിക്കുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായങ്ങൾക്ക് സംവരണതത്വം അനുസരിച്ചുള്ള പ്രാതിനിധ്യം

42 (42) ശ്രീ. പി. കെ അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ, സർവകലാശാലകൾ എന്നിവിടങ്ങളിൽ സംവർണതത്വം അനുസരിച്ചുള്ള പ്രാതിനിധ്യം പിന്നോക്കസമുദായങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇനിയും എത്രത്തോളം നിയമനം നടത്തിയാൽ സംവരണം പൂർണ്ണമാകും ;

(സി) ഈ കണക്ക് തികയ്ക്കാൻ വേണ്ടി പിന്നോക്ക സമുദായങ്ങൾക്കുള്ളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ സത്വര നടപടി എടുക്കുമോ ;

(ഡി) നിലവിൽ പിന്നോക്ക സമുദായങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയമനം ഓരോ വകുപ്പിലും യൂണിവേഴ്സിറ്റിയിലും പൊതുമേഖലാസ്ഥാപനങ്ങളിലും എത്രവീതമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly